മേജറിൽ എല്ലാം അതാതു കാലത്തുതന്നെ പിരിക്കുന്നുണ്ട്. ഒരു വർഷത്തിൽ കൂടുതൽ ഒരുതവണ പിരിപ്പിക്കരുതെന്ന് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : ഈ പ്രൊജക്റ്റുകളിലെല്ലാം ഉപദേശക സമിതികളുണ്ട്. ഫസ്റ്റ് ക്രോപ്പിനു ചില പ്രദേശങ്ങളിൽ മഴ ഇല്ലാത്തതുകൊണ്ട് റിസർവോയറിൽ വെള്ളം ഇല്ലാതെവന്നതുകൊണ്ട് വെള്ളം വിട്ടുകൊടുക്കേണ്ടായെന്ന് ഉപദേശകസമിതികൂടി തീരുമാനിച്ചിട്ടുണ്ട്. വെള്ളം കിട്ടിയിട്ടില്ലെന്നുള്ളത് കളക്ടർക്കും നികുതി പിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാർക്കും അറിയാവുന്നതാണ്. അത്തരം സ്ഥലങ്ങളിൽ കൃഷിക്കാരുടെ അപേക്ഷ കാത്തുനിൽക്കാതെതന്നെ ഇളവ് ചെയ്യാൻ തയ്യാറാകുമോ ?

ഡോ. കെ. ജി. അടിയോടി : അത് സ്വാഭാവികമായും ഉദ്യോഗസ്ഥൻമാർ ചെയ്യേണ്ടതാണ്. മലമ്പുഴ പ്രൊജക്റ്റിന്റെ തീരത്തുള്ള സ്ഥലങ്ങളിൽ ചില സന്ദർഭങ്ങളിൽ വെള്ളം കൊടുക്കുന്നില്ല. ഒരു കാലയളവിൽ മാത്രമേ കൊടുക്കുന്നുള്ളു. ചില ഏരിയാകൾ ഉൾപ്പെടുത്താറില്ല. അത് കണക്കിലെടുത്തുകൊണ്ട് അവർ ചെയ്യേണ്ടതാണ്. ചെയ്യുന്നില്ലെന്നുള്ള പരാതി കിട്ടിയാൽ വേണ്ട നിർദ്ദേശം കൊടുക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഒരു കൃഷിക്കാലത്ത് ഡാമിൽനിന്നും ഉള്ള ഏതെങ്കിലും ഒരു കനാലിൽ ജലക്ഷാമം വന്നാൽ ഓരോ കൃഷിക്കാരനും പ്രത്യേകം പ്രത്യേകം സ്റ്റാമ്പൊട്ടിച്ച പെറ്റീഷൻ കൊടുക്കണമെന്നുള്ളത് മാറ്റി ആ കനാലിന്റെ ആയക്കെട്ടിൽപ്പെട്ട എല്ലാ കൃഷിക്കാരെയും ഈ ജലസേചന നികുതിയിൽനിന്നും ഒഴിവാക്കാൻ നടപടി കൈക്കൊണ്ടുകൂടായോ ?

ഡോ. കെ. ജി. അടിയോടി : ജലനികുതി പിരിക്കാനുള്ള വ്യവസ്ഥകൾ ഇന്ന് ആക്റ്റിൽ മൂന്ന് മേഖലകളിലാണ് നിലവിലുള്ളത്. ഒരു ഏകീകൃത ബില്ല് സെലക്റ്റ് കമ്മിറ്റി മുമ്പാകെ ഉണ്ട്. അതിൽ ബഹുമാനപ്പെട്ട മെമ്പറും അംഗമാണ്. ഇത്തരം അപാകതകൾ ഒഴിവാക്കാനും മറ്റുമാണ് ഒരു ഏകീകൃത ബില്ലിന് ഈ അസംബ്ലിയിൽ തീരുമാനമെടുത്തതും സെലക്റ്റ് കമ്മിറ്റിക്ക് റഫർ ചെയ്തതും. എല്ലാ അപാകതകളും അതിലൂടെ മാറണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഇപ്പോഴത്തെ ആക്റ്റനുസരിച്ചുതന്നെ ഗവൺമെന്റിന് വെള്ളം കൊടുക്കാത്ത പ്രദേശത്തെ ഒഴിവാക്കാൻ അധികാരമില്ലേ ?

ഡോ. കെ. ജി. അടിയോടി : അത് ചെയ്യാൻ അതാത് പ്രദേശത്തുള്ള ഉദ്യോഗസ്ഥൻമാർക്കാണ് അധികാരം കൊടുത്തിരിക്കുന്നത്. ഗവൺമെന്റിന് പൊതുവെ ഒരു മേഖല എടുത്ത് അവിടെനിന്നും നികുതി പിരിക്കേണ്ടതില്ലെന്ന് പറയാനുള്ള അധികാരം ഈ ആക്റ്റിൻ പ്രകാരം ഇല്ല.

Free Medical Camp in each Taluk

* 62. [89] **Sri Stephen Padua** : Will the Minister for Health be pleased to state :

Whether the Government will be pleased to provide sufficient funds to conduct at least a free medical camp in each taluk every year. ?

LIBRARY ARCHIVES Kerala Legislative Assembly

Minister for Health (**Sri N. K. Balakrishnan**) : Government are now conducting two medical check-up camps in each Revenue District. It will not be possible to conduct camps in each taluk, due to want of funds.

Shri Stephen Padua : Have the Government assessed the progress of conducting two medical check-up camps in each revenue district and if it is found successful, will the Government be pleased to chalk out a phased programme for conducting free medical camps in each taluk within a span of five to ten years.

[ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ വളരെ പ്രയോജനമാണെന്നാണ് ഇതുവരെ ഉള്ളതായ അനുഭവംകൊണ്ട് തെളിയിച്ചിട്ടുള്ളത്. മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ മാത്രമല്ല ഇപ്പോൾ നടത്തിവരുന്നത്. സാമൂഹ്യ സേവന സംഘടനകളും ധാരാളമായി ഈ രംഗത്ത് വന്നുകൊണ്ട് മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ നടത്താൻ പ്രമിക്കുന്നുണ്ട്. ആ ക്യാമ്പുകളിലെല്ലാം തന്നെ ആവശ്യമായിവരുന്ന ഡോക്ടർമാരെയുമെല്ലാം അയച്ചുകൊടുക്കുന്നുണ്ട്. എന്നാൽ ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ മാത്രമായി കൂടുതൽ മെഡിക്കൽ ചെക്കപ്പ് ക്യാമ്പുകൾ നടത്താൻ ഗവൺമെൻറിന് സാമ്പത്തിക കഴിവില്ലാത്തതുകൊണ്ട് നടത്താൻ ആഗ്രഹിക്കുന്നില്ല. സാമൂഹ്യസേവന സംഘടനകൾ നടത്തുന്ന ക്യാമ്പുകൾക്ക് എല്ലാവിധമായ സഹകരണങ്ങളും ഗവൺമെൻറ് ചെയ്തുകൊടുക്കും.

ജലസേചന പദ്ധതികൾ

* 63 [90] [ശ്രീ. എം. കൃഷ്ണൻ :
,, സി. ബി. സി. വാര്യർ :
,, പി. ആർ. ഫ്രാൻസിസ്
,, പി. ജി. പുരുഷോത്തമൻപിള്ള :
,, എൻ. ഐ. ദേവസ്സിക്കുട്ടി ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര വൻകിട ജലസേചന പദ്ധതികൾ ആരംഭിക്കുന്നു ;

(ബി) ഏതെല്ലാം ;

(സി) മീഡിയം പദ്ധതികൾ ആരംഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഡി) മൈനർ ഇറിഗേഷൻ പദ്ധതികൾ എത്ര ;

(ഇ) ജനപങ്കാളിത്തത്തോടുകൂടി വൻകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) കൊല്ലം ജില്ലയിലെ കല്ലട പദ്ധതിക്ക് എത്രത്തോളം ജനപങ്കാളിത്തം നേടുവാൻ ഇതിനകം ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട് ;

(ജി) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ ഇറിഗേഷൻ പ്രവർത്തനങ്ങൾക്ക് എന്തു തുക ചെലവഴിച്ചു;

(എച്ച്) മേജർ, മൈനർ എന്നിവ ഇനംതിരിച്ച് വ്യക്തമാക്കാമോ ;

(ഐ) പഞ്ചായത്തുകളെ ഭാഗഭാക്കാക്കിക്കൊണ്ട് മൈനർ ഇറിഗേഷൻ പ്രവർത്തനം നടത്താൻവേണ്ടി എന്തുതുക ചെലവഴിച്ചു ; എത്ര പദ്ധതികൾ ഏറ്റെടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly